## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3377 19.10.2016 ന് മറുപടിയ്ക്ക്

### വന്യമൃഗ ശല്യത്താൽ വിളനാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ.ആർ.കേളു | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗ ശല്യ പ്രതിരോധത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്; | (എ) വന്യമൃഗശല്യ പ്രതിരോധത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്:<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മാണം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം വഴി വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ച് വിടുന്നതിനുള്ള നടപടികൾ.<br>5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>6. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>7. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം |

നടത്തുന്നതിനുമുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

(ബി) വന്യമൃഗ ശല്യത്താൽ വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാര തുക വിതരണം വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യത്താൽ വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം വേഗത്തിലാക്കു-വാനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) വന്യമൃഗ ആക്രമണം മൂലം ജോലിക്കിടയിൽ മരണപ്പെടുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ആശ്രിതരുടെ നിയമനം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) വന്യമൃഗ ആക്രമണം മൂലം ജോലിക്കിടയിൽ മരണപ്പെടുന്ന വനംവകുപ്പിലെ സ്ഥിര ജീവനക്കാരുടെ ആശ്രിതരുടെ നിയമനം കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

Vatsala S.

സെക്ഷൻ ഓഫീസർ